# ഏകാന്തതയുടെ സ്വർണ്ണക്കൂട്: ഒരു ഡിജിറ്റൽ പ്രണയം

പവിത്രൻ കാരണയിൽ

---

32 വയസ്സുള്ള മാളവിക, ഭർത്താവിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിൽ കഴിയുന്ന ഒരു വീട്ടമ്മയാണ്. ഭർത്താവ് രാജേഷിന്റെ താൽപര്യങ്ങൾ മാത്രം മുന്നോട്ട് പോകുന്ന കുടുംബജീവിതം അവളെ മടുപ്പിച്ചു. അവൾ ആഡംബരത്തിന്റെ സ്വർണ്ണക്കൂട്ടിനുള്ളിലെ തത്തയെപ്പോലെയായിരുന്നു. വിവേക്, ഒരു ഐടി കമ്പനിയിലെ ഫ്രീലാൻസർ. തനിച്ചുള്ള ജീവിതം, നിഗൂഢതകളും ഏകാന്തതയും നിറഞ്ഞ ഒരു ലോകം.

മാളവികയുടെ ഭർത്താവ് രാജേഷ് വിദേശത്താണ് ജോലി ചെയ്യുന്നത്. ആറു മാസത്തിലൊരിക്കൽ മാത്രം നാട്ടിൽ വരും. ഈ ഏകാന്തതയിലാണ് ഫേസ് ബുക്കിലെ ഒരു കവിത ഗ്രൂപ്പിൽ മാളവികയും വിവേകും കണ്ടുമുട്ടുന്നത്.

ഒരു കവിതയെക്കുറിച്ചുള്ള സ്വകാര്യ ചോദ്യത്തോടെയാണ് ചാറ്റ് ആരംഭിക്കുന്നത്.

മാളവിക: ഹായ് വിവേക്. ഗ്രൂപ്പിലിട്ട താങ്കളുടെ കവിത, 'പൗർണ്ണമിയിലെ ഏകാന്തത'... അതെന്നെ വല്ലാതെ ആകർഷിച്ചു. അതിലെ ഓരോ വരിയും എന്റെ ഹൃദയത്തിൽ തട്ടുന്നതുപോലെ തോന്നി. താങ്കളാണോ എഴുതിയത്?

വിവേക്: ഹായ് മാളവിക. അതെ, എൻ്റെ മനസ്സിലെ ചില നിഗൂഢ ചിന്തകൾ. കവിതയിലെ ആ 'ഏകാന്ത ചന്ദ്രിക' താങ്കളുടെ മനസ്സാണോ? ഈ രാത്രിയിൽ താങ്കൾ ഉറങ്ങാതെ എൻ്റെ ചിന്തകൾ വായിക്കുകയാണോ?

മാളവിക: ഉറങ്ങാൻ കഴിയുന്നില്ല വിവേക്. ഈ രാത്രിയുടെ നിശ്ശബ്ദതയിൽ താങ്കളുടെ വാക്കുകൾ കേൾക്കുമ്പോൾ,സന്തോഷം.

വിവേക്: ഉറക്കം എൻ്റെയൊരു ശത്രുവാണ് മാളവിക. താങ്കളുടെ വാക്കുകളിൽ ഒരു ആഴമുണ്ട്. ആ ആഴം എന്നെ അപൂർണ്ണമാക്കുന്നു. ഈ ഏകാന്തതയിൽ താങ്കളും ഒരു കവിത തേടുകയാണോ?

മാളവിക: “അങ്ങനെ പറയരുത്. ഞാൻ ഒരു ഭർത്ത്യമതിയാണ്. താങ്കൾ എൻ്റെ ഏകാന്തത തിരിച്ചറിഞ്ഞതിൽ അതിശയം തോന്നുന്നു”.

വിവേക്: മാളവിക, ഈ സ്വർണ്ണക്കൂട്ടിനുള്ളിൽ, താങ്കളുടെ ആത്മാവ് സ്വതന്ത്രമാവാൻ കൊതിക്കുന്നത് ഞാൻ എൻ്റെ കവിതയിലൂടെ അറിഞ്ഞു. താങ്കൾ ഒരു ഉൾക്കടലാണ്. പുറത്ത് ശാന്തം, അകത്ത് അലകൾ. ഈ ആഴം ഞാൻ അറിയുന്നു .

മാളവിക: അയ്യോ, താങ്കൾ എന്നെ ആകർഷിക്കുകയാണ്. എൻ്റെ മനസ്സ് കേൾക്കാൻ കൊതിച്ച വാക്കുകളാണിത്.

വിവേക്: താങ്കൾ അകലെയാണെങ്കിലും, നമ്മുടെ മനസ്സ് സ്വതന്ത്രമല്ലേ? ഈ നിമിഷം താങ്കളുടെ അടുത്തായിരിക്കാൻ ഞാൻ കൊതിക്കുന്നു.

അവരുടെ ചാറ്റുകൾ കുറെ ദിവസങ്ങൾ തുടർന്നു.....വാക്കുകൾ തീവ്രമായി. മാളവികയുടെ മനസ്സിൽ ഭയവും ആകർഷണവും മത്സരിച്ചു.

നഗരത്തിന് പുറത്തുള്ള, അധികം തിരക്കില്ലാത്ത ഒരു പുഴയോരത്തെ കോഫി ഷോപ്പ്, ‘പൗർണ്ണമി കഫേ’ യിൽ തലേന്നത്തെ തീവ്രമായ ചാറ്റിന് ശേഷം, കണ്ടുമുട്ടാൻ തീരുമാനിച്ചതിന് ശേഷം മാളവികയ്ക്ക് ഉറങ്ങാൻ കഴിഞ്ഞിരുന്നില്ല. ഭർത്താവ് വിദേശത്തായതിനാൽ വീട്ടിൽ വലിയ തിരക്കുകളില്ല. 'അമ്മയെ പഴയ സുഹൃത്തിനെ കാണാൻ പോകുന്നു’ എന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് അവൾ വീട്ടിൽ നിന്ന് ഇറങ്ങി.

മഞ്ഞനിറത്തിലുള്ള കോട്ടൺ സാരിയിൽ, മിതമായ മേക്കപ്പ്. വാട്സ് ആപ്പിലെ കവിത എഴുതുന്ന വ്യക്തി, അവളുടെ മുന്നിൽ ജീവനോടെ! വിവേക് എഴുന്നേറ്റു.

അൽപ്പം വിറയലോടെ മാളവിക...

അവൾ മുന്നിലെ കസേരയിൽ ഇരുന്നു. അവരുടെ കണ്ണുകൾ ആദ്യമായി നേരിട്ട് കണ്ടുമുട്ടി. രാത്രി ചാറ്റിൽ അനുഭവിച്ച തീവ്രത, നേരിട്ടുള്ള കാഴ്ചയിൽ ഒരുതരം പേടിയായി മാറി.

താങ്കൾ എൻ്റെ കവിതയ്ക്ക് നൽകിയ ജീവനാണ്. ഈ മഞ്ഞ സാരിയിൽ... നിങ്ങൾ ഒരു പ്രണയകാവ്യം പോലെ. എൻ്റെ

ഹൃദയം... അത് താങ്കൾക്ക് വേണ്ടി മാത്രമാണ് ഇപ്പോൾ മിടിക്കുന്നത്.

നെറ്റിയിലെ വിയർപ്പ് തുടച്ചുകൊണ്ട് മാളവിക ചോദിച്ചു, വിവേക്, നമ്മൾ എന്തിനാണ് ഇവിടെ വന്നത്? ഞാൻ ഒരുപാട് ഭയപ്പെടുന്നു. എൻ്റെ ലോകം...

ഇവിടെ നമ്മൾ മാത്രമാണ്. നമ്മുടെ ആത്മാക്കളും കവിതയും. ഈ ഭയം... ഇതാണ് നമ്മുടെ പ്രണയത്തിന്റെ മനോഹാരിത. നിങ്ങളെ തടസ്സപ്പെടുത്തുന്ന എല്ലാ കാര്യങ്ങളിൽ നിന്നും നമ്മൾ ഇപ്പോൾ സ്വതന്ത്രരാണ്.

മാളവികയ്ക്ക് കാപ്പി ഓർഡർ ചെയ്തു. അവൾക്ക് ഒന്നും കഴിക്കാൻ തോന്നിയില്ല.

ഞാൻ ഇന്നലെ താങ്കളോട് പറഞ്ഞ വാക്കുകൾ... അത് സത്യമായിരുന്നു. എൻ്റെ വീട്ടിലെ സ്വർണ്ണക്കൂട് എന്നെ ശ്വാസം മുട്ടിക്കുന്നു. എൻ്റെ കവിതകൾ കേൾക്കുന്ന ഒരാളെ, എൻ്റെ ഏകാന്തത പങ്കുവെക്കുന്ന ഒരാളെ എനിക്ക് ആവശ്യമുണ്ട്.

അവൻ മെല്ലെ കൈ നീട്ടി, അവളുടെ കൈത്തണ്ടയിൽ മൃദുവായി സ്പർശിച്ചു...

വിവേകിന്റെ സ്പർശം മാളവികയുടെ ശരീരത്തിലൂടെ ഒരു വൈദ്യുത പ്രവാഹം പോലെ കടന്നുപോയി. അവൾ കൊതിച്ച തീവ്രമായ ഒരനുഭവമായിരുന്നു അത്. രാജേഷിന്റെ സ്പർശങ്ങൾ പതിവായിരുന്നെങ്കിലും, ഈ അപരിചിതന്റെ സ്പർശം അവളിൽ പുതിയൊരു തീ കൊളുത്തി.

മാളവിക പറഞ്ഞു എനിക്ക് പോകണം. അമ്മ ചിലപ്പോൾ സംശയിക്കും.

“പോകുകയാണോ? അടുത്തത് എപ്പോൾ കാണും? ഈ കൂടിക്കാഴ്ച വെറുമൊരു സ്വപ്നമായി മാറാൻ എനിക്ക് വയ്യ. അടുത്ത ചാറ്റിൽ എപ്പോഴെത്തും?”

മാളവിക എഴുന്നേറ്റു, തിടുക്കത്തിൽ ബാഗ് എടുത്തു. വാതിൽക്കൽ എത്തി അവൾ തിരിഞ്ഞു നിന്നു.

ഞാൻ FB യിൽ ഉണ്ടാവും.

വിവേക് തന്റെ കൈവെള്ളയിലേക്ക് നോക്കി. അവിടെ ഇപ്പോഴും അവളുടെ മൃദുലമായ സ്പർശം അവശേഷിക്കുന്നുണ്ടായിരുന്നു....

അന്ന് രാത്രി, മാളവികയ്ക്ക് സമയം നീങ്ങുന്നതേയില്ല. അമ്മ നേരത്തേ ഉറങ്ങി. മാളവിക മുറിയിൽ ലൈറ്റ് അണച്ച്, ഫോണിന്റെ വെളിച്ചത്തിൽ FB ആപ്പിൽ പ്രവേശിച്ചു.

വിവേക്...

"എൻറെ മാളവിക! ഈ രാത്രി മുഴുവൻ ഞാൻ നിന്നെക്കുറിച്ചുള്ള കവിത പൂർത്തിയാക്കുകയായിരുന്നു. ഇന്ന് കഫേയിൽ, നമ്മൾ സംസാരിക്കാതെ ഇരുന്ന നിമിഷങ്ങളാണ് കൂടുതൽ തീവ്രമായത്. താങ്കളെ സ്പർശിച്ചപ്പോൾ, എൻറെയുള്ളിലെ കവിത പൂർണ്ണമായതുപോലെ തോന്നി.

മാളവിക ചാറ്റ് തുടർന്നു : "വിവേക്, ഇന്ന് ഞാൻ നിന്നെ കണ്ടപ്പോൾ... എൻറെ ഹൃദയം സ്വതന്ത്രമാവാൻ കൊതിക്കുന്നു. സ്വർണ്ണക്കൂട് എന്നെ ശ്വാസം മുട്ടിക്കുന്നു. നിനക്കുവേണ്ടി കാത്തിരുന്ന ആ സ്വാതന്ത്ര്യം ഞാൻ ആഗ്രഹിക്കുന്നു."

വിവേക് തുടർന്നു "നമുക്ക് ഈ നഗരത്തിന് പുറത്ത് പോകണം. നമ്മുടെ കവിത പൂർണ്ണമാവണമെങ്കിൽ, ഒരു ദിവസം നമ്മൾ ഒരു യാത്ര പോകണം.

മാളവിക: യാത്രയോ? വിവേക്! ഞാൻ ഭയപ്പെടുന്നു. ഈ ഫ്ലാറ്റ് വിട്ട് എങ്ങോട്ടും പോകാൻ എനിക്ക് ധൈര്യമില്ല.

വിവേക്: ധൈര്യമോ? സ്നേഹമാണ് ഏറ്റവും വലിയ ധൈര്യം, മാളവിക. രാജേഷ് എപ്പോഴാണ് വരുന്നത്?

മാളവിക: അടുത്ത മാസം പകുതിയോടെ വരും.

വിവേക്: എങ്കിൽ, നമുക്ക് അധികം സമയമില്ല. ഈ ആഴ്ച ഒരു ദിവസം. നീ ഒരു കാരണം ഉണ്ടാക്കണം. ഒരു പഴയ സുഹൃത്തിന്റെ കല്യാണത്തിന് പോകുന്നു എന്ന് പറയാം. ഞാൻ ഒരു റിസോർട്ടിൽ റൂം ബുക്ക് ചെയ്യാം. ഒരു രാത്രി മാത്രം. നമ്മുടെ പ്രണയം പൂർണ്ണമാകാൻ വേണ്ടി.

മാളവികയുടെ കൈകൾ വിറച്ചു. ഒരു നിമിഷം അവൾ ചാറ്റിൽ നിന്ന് പുറത്തേക്ക് വന്നു. വാതിലടച്ചു, ശ്വാസം ആഞ്ഞെടുത്തു.

മാളവിക തിരികെ ചാറ്റിൽ "വിവേക്… ഞാൻ സമ്മതിക്കുന്നു. എൻ്റെ ജീവിതത്തിലെ ഏറ്റവും വലിയ സാഹസം. ഈ വരുന്ന വെള്ളിയാഴ്ച. ഞാൻ ഒരു വഴി കണ്ടെത്തും. നീ റൂം ബുക്ക് ചെയ്യ്".

വിവേക്: "ഞാൻ കാത്തിരിക്കും. വെള്ളിയാഴ്ച, നമ്മുടെ കൂടിക്കാഴ്ച. ലോകം അറിയാത്ത ഒരു രഹസ്യം നമുക്കുണ്ടാവാം."

മാളവിക ഫോൺ കിടക്കയിലേക്ക് വെച്ചു. അവളുടെ മനസ്സിൽ ഒരു കൊടുങ്കാറ്റ് വീശി. അവൾ നിഷിദ്ധമായ ഒരു കൂടിക്കാഴ്ചയ്ക്ക് സമ്മതം മൂളിയിരിക്കുന്നു!

അടുത്ത ദിവസം ഉച്ചയ്ക്ക്. വിദേശത്ത് ജോലി ചെയ്യുന്ന രാജേഷ്, തന്റെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പാക്കാൻ വേണ്ടി, മാളവികയുടെ ഫോണിൽ ഡാറ്റാ സിങ്ക് അപ്ലിക്കേഷൻ ഇൻസ്റ്റാൾ ചെയ്തിരുന്നു. ഈ ആപ്ലിക്കേഷൻ, മെസഞ്ചറുകൾ ഒഴികെയുള്ള ചില സോഷ്യൽ മീഡിയ ആക്റ്റിവിറ്റികളുടെ നോട്ടിഫിക്കേഷനുകൾ അവന്റെ കമ്പ്യൂട്ടറിലേക്ക് അയക്കും.

രാജേഷ് ഉച്ചഭക്ഷണത്തിന് വേണ്ടി കമ്പ്യൂട്ടറിൽ നിന്ന് മാറിയശേഷം, തിരികെ വന്നപ്പോൾ, സ്ക്രീനിൽ ഒരു നോട്ടിഫിക്കേഷൻ കണ്ടു:

New activity from Malavika's account.

രാജേഷ് നെറ്റി ചുളിച്ചു. ആകാംഷയോടെ അയാൾ ആപ്ലിക്കേഷന്റെ സിങ്ക് ഡാറ്റ തുറന്നു. അവിടെ, മാളവികയുടെയും വിവേകിന്റെയും ഇന്നലത്തെയും ഇന്നത്തെയും ചാറ്റ് സ്ക്രീൻഷോട്ടുകൾ തെളിഞ്ഞു വന്നു വിവേക് ഷെയർ ചെയ്ത ഒരു കവിതയുടെ സ്ക്രീൻഷോട്ട് സഹിതം. ആപ്ലിക്കേഷന്റെ സെറ്റിംഗ്സ് അനുസരിച്ച്, വിവേക് അയച്ച ചില കവിതകളുടെയും സന്ദേശങ്ങളുടെയും സ്ക്രീൻഷോട്ടുകൾ ഓട്ടോമാറ്റിക്കായി സിങ്ക് ചെയ്യപ്പെട്ടിരുന്നു. രാജേഷിന്റെ കണ്ണുകൾ ആ തീവ്രമായ വാക്കുകളിലൂടെ പാഞ്ഞുപോയി:

"…ഞാൻ ഒരു തടവുകാരിയാണെന്ന് മനസ്സിലായി."

"…നമ്മുടെ പ്രണയം പൂർണ്ണമാകാൻ വേണ്ടി."

"… വെള്ളിയാഴ്ച. ഞാൻ ഒരു വഴി കണ്ടെത്തും."

“...ഒരു രാത്രി മാത്രം.”

“വെള്ളിയാഴ്ചയോ? ഒരു രാത്രിയോ?” രാജേഷിന്റെ മുഖം വിളറി. അവന്റെ നെഞ്ചിൽ ഒരു മരവിപ്പ് അനുഭവപ്പെട്ടു. അയാൾ ഉടൻ തന്നെ മാളവികയെ വിളിച്ചു.

മാളവിക ഫോൺ എടുത്തു, സന്തോഷത്തോടെ , ഹലോ രാജേഷ്! എന്താ ഈ സമയത്ത്?

രാജേഷ് ശബ്ദം നിയന്ത്രിച്ചുകൊണ്ട്, പക്ഷെ വാക്കുകൾ വിറച്ചു . മാളവിക... നീ... നീ വെള്ളിയാഴ്ച എവിടേക്കാണ് പോകുന്നത്?

മാളവിക ഒരു നിമിഷം തരിച്ചുപോയി. അവൾക്ക് സംസാരിക്കാൻ കഴിഞ്ഞില്ല.

മാളവിക പതർച്ചയോടെ ഞാൻ... ഞാൻ എങ്ങോട്ടും പോകുന്നില്ലല്ലോ രാജേഷ്. എന്താ?

രാജേഷ് അലറിക്കൊണ്ട്, കമ്പ്യൂട്ടറിന്റെ സ്ക്രീനിലേക്ക് നോക്കി. വെള്ളിയാഴ്ച, ഒരു രാത്രി മാത്രം! നിന്റെ കാമുകനുമൊത്ത് റിസോർട്ടിൽ! നിനക്കെങ്ങനെ കഴിഞ്ഞു? ഞാൻ നിനക്കുവേണ്ടി ഇവിടെ പണിയെടുക്കുമ്പോൾ, നീ അവിടെ അവിഹിത ബന്ധം ഉണ്ടാക്കുകയായിരുന്നോ?

ഫോൺ അവളുടെ കയ്യിൽ നിന്ന് നിലത്തേക്ക് വീണു. മാളവിക ശബ്ദമുണ്ടാക്കാതെ കരഞ്ഞു.

രാജേഷ് കോപത്താൽ വിറച്ച് “ഞാൻ ഇപ്പോൾ തന്നെ ടിക്കറ്റ് ബുക്ക് ചെയ്യുകയാണ്. നാളെ ഞാൻ നാട്ടിലെത്തും! നീ തയ്യാറായി ഇരുന്നോ. ഇനി ഈ വീട്ടിൽ നിനക്കൊരു സ്ഥാനമില്ല! നമ്മുടെ മകൾ... അവളെ ഞാൻ നന്നായി നോക്കിക്കോളാം!”

രാജേഷ് ഫോൺ വലിച്ചെറിഞ്ഞു. മാളവിക നിലത്ത് മുട്ടുകുത്തി ഇരുന്നു. ഫോൺ സ്ക്രീനിലേക്ക് നോക്കി. അവളുടെ അവിഹിത ചാറ്റ്, വിദേശത്തുള്ള ഭർത്താവിന് മുന്നിൽ തുറന്ന ഒരു രഹസ്യമായി മാറിയിരിക്കുന്നു.

രാജേഷിന്റെ ഫോൺ കോളിന് ശേഷം, മാളവികയ്ക്ക് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. നാളെ രാജേഷ് നാട്ടിലെത്തുമെന്ന സത്യം അവളെ തളർത്തി. രാത്രി വൈകിയിട്ടും മാളവിക ചലനമില്ലാതെ ഇരുന്നു.

രാജേഷിനെ നേരിടാൻ അവൾക്ക് ധൈര്യമുണ്ടായിരുന്നില്ല. അമ്മയെയും മകളെയും നോക്കാൻ അവൾക്ക് കഴിഞ്ഞില്ല. അവൾ ഒരു ചെറിയ ബാഗെടുത്തു, അതിൽ അത്യാവശ്യ സാധനങ്ങൾ വെച്ചു.

രാത്രി അവൾ തന്റെ അമ്മ ഉറങ്ങുന്ന മുറിയിൽ ചെന്ന്, ഒരു നിമിഷം വാതിലിലൂടെ നോക്കി നിന്നു. ശേഷം, മകളുടെ നെറ്റിയിൽ മെല്ലെ ഒന്ന് തലോടി. ബെഡ്സൈഡ് ടേബിളിൽ, അവൾ രാജേഷിനായി ഒരു കത്ത് വെച്ചു.

"പ്രിയപ്പെട്ട രാജേഷിന്,

ഈ കത്ത് എഴുതുമ്പോൾ, എന്നെ വെറുക്കാൻ നിങ്ങൾക്ക് എല്ലാ അവകാശവുമുണ്ട്. ഞാനൊരു മോശം ഭാര്യയാണ്, മോശം അമ്മയാണ്. ഞാൻ ചെയ്തത് ഒരിക്കലും ന്യായീകരിക്കാൻ കഴിയില്ല. നിങ്ങളുടെ സ്നേഹത്തെയും വിശ്വാസത്തെയും ഞാൻ ചതിച്ചു. നമ്മുടെ ജീവിതത്തിലെ ഏകാന്തതയിൽ, എന്റെ മനസ്സ് വഴിതെറ്റിപ്പോയി. വിവേകിന്റെ വാക്കുകൾ എനിക്ക് കവിതയായി തോന്നി, എന്നാൽ അത് എന്റെ ജീവിതത്തിലെ വലിയൊരു ദുരന്തമായിരുന്നു.

ഞാൻ അവനുമായി ഒരു കൂടിക്കാഴ്ച നടത്തി, മറ്റൊന്നും സംഭവിച്ചില്ല. പക്ഷെ, ഞാൻ നിങ്ങൾക്ക് തരുന്ന വാക്ക് ഞാൻ ഇനി ഒരിക്കലും അവനെ കാണുകയോ സംസാരിക്കുകയോ ചെയ്യില്ല. അവനുമായുള്ള എല്ലാ ബന്ധങ്ങളും ഇവിടെ അവസാനിക്കുന്നു.

ഞാൻ പോകുകയാണ്, രാജേഷ്. നിങ്ങളെ നേരിടാനുള്ള ധൈര്യം എനിക്കില്ല. നിങ്ങൾ ശാന്തമാകുമ്പോൾ നമ്മൾക്ക് നിയമപരമായി വേർപിരിയാം. നിങ്ങളെ വേദനിപ്പിച്ചതിന് എനിക്ക് മാപ്പില്ല, എനിക്ക് എന്നോട് തന്നെ മാപ്പില്ല. എന്റെ തെറ്റിന് ഞാൻ ശിക്ഷ അനുഭവിക്കണം.

നമ്മുടെ മകളെ നന്നായി നോക്കണം. അവൾക്ക് നിങ്ങളുടെ സ്നേഹം മാത്രം മതി".

മാളവിക.

മാളവിക നിശ്ശബ്ദമായി വാതിൽ തുറന്ന് പുറത്തിറങ്ങി. പുറത്ത്, നഗരത്തിന്റെ രാത്രിയിൽ അവളുടെ ഏകാന്തത, അവളുടെ കുറ്റബോധത്തേക്കാൾ വലുതായിരുന്നു.

നഗരത്തിലെ ആഡംബര ഫ്ലാറ്റിൽ, ഭർത്താവ് വിദേശത്ത് പോയപ്പോൾ രാത്രിയുടെ മൗനത്തിൽ മൊബൈൽ ആപ്പിലൂടെ മാളവിക തുടങ്ങിവെച്ച 'അവിഹിത ചാറ്റ്', അവൾക്ക് നഷ്ടപ്പെടുത്തിയത് കുടുംബം മാത്രമല്ല, സ്വന്തം ആത്മാവ് കൂടിയായിരുന്നു. ആഡംബരത്തിൻ്റെ സ്വർണ്ണക്കൂട് തകർന്നിരുന്നു, മാളവികയുടെ യാത്ര അവസാനിച്ചത് എവിടെയെന്ന് ആർക്കും അറിയില്ല.